*എം. രജനി*
*അക്കൗണ്ട്സ് ഓഫീസർ*

## *സി.ഡി.എസ് സന്ദർശനം - മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം*

### *അയൽക്കൂട്ടം (ഒരുമ)*

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ ഒരുമ കുടുംബശ്രീ അയൽക്കൂട്ടം സന്ദർശിച്ചു. ഈ അയൽക്കൂട്ടം ആരംഭിച്ചിട്ട് 14 വർഷമായി. തയ്യൽ തൊഴിലാളികളും തൊഴിലുറപ്പ് ജോലിക്കു പോകുന്നവരുമാണ് മിക്ക അംഗങ്ങളും. കുടുംബശ്രീ അംഗം ലോൺ എടുത്താൽ ആ വ്യക്തി മരിച്ചുപോയാൽ വരുന്ന ബാധ്യത അയൽക്കൂട്ടത്തിന് വരുന്നു. അതിന് പരിഹാരം വേണം.

### *പതിനേഴാം വാർഡ് സ്പെഷ്യൽ അയൽക്കൂട്ടം (ആശാദീപം)*

മാതാപിതാക്കളുടെ കാലശേഷം ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കാൻ സുരക്ഷിതമായ സ്ഥലമില്ല. ചികിത്സാ സഹായം വേണം.

### *ആശ്രയ*

19-ാം വാർഡ്. നേശമ്മ മാനസിക വെല്ലുവിളിയുള്ള മകളോടൊപ്പം കഴിയുന്നു. ആശ്രയ ഫണ്ട് കൊടുക്കുന്നുമുണ്ട്.

### *ജെ.എൽ.ജി ഗ്രൂപ്പ്*

വാർഡ് 2. നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

### *വാർഡ് 1*

എം.ഇ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. തുണിസഞ്ചി നിർമ്മാണം പ്രധാനം.

5/11/2019

സി.ഡി.എസ് മീറ്റിംഗിൽ പങ്കെടുത്തു. ചെയർപേഴ്സണിന്റെ പ്രവർത്തനം പ്രശംസനീയമാണ്.